# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 271

13.03.2018 - ൽ മറുപടിക്ക്

## കുടുംബശ്രീയുടെ ശാക്തീകരണവും പ്രവർത്തനങ്ങളും

**ചോദ്യം**

ശ്രീ. പി. ടി. എ. റഹീം
ശ്രീ. കെ. വി. അബ്ദുൾ ഖാദർ
ശ്രീ. കെ. ജെ. മാക്സി
ശ്രീമതി. വീണാ ജോർജ്ജ്

**മറുപടി**

ഡോ.കെ.ടി.ജലീൽ
(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

(എ) കുടുംബശ്രീയെ കൂടുതൽ ശാക്തീകരിക്കാനായി പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(എ) ഉണ്ട്; ദാരിദ്ര്യ നിർമ്മാർജ്ജനം, സ്ത്രീ ശാക്തീകരണം എന്നിവ ലക്ഷ്യമാക്കി 1998-ൽ പ്രവർത്തനം ആരംഭിച്ച കുടുംബശ്രീ ഇന്ന് അതിന്റെ വളർച്ചയുടെ ഇരുപതു വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമുഖമായ നിരവധി ഇടപെടലുകൾ നടത്തിയതിന്റെ ഫലമായി കുടുംബശ്രീ പ്രവർത്തന രംഗത്ത് വലിയ മുന്നേറ്റം ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

20-ാം വർഷത്തിലേയ്ക്ക് കടക്കുന്ന വേളയിൽ കുടുംബശ്രീയെ കൂടുതൽ ശാക്തീകരിക്കുന്നതിനായി പുതിയ 20 ഇന പരിപാടി സംസ്ഥാന ബഡ്ജറ്റിൽ ബഹു. ധനകാര്യ മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഇവ ചുവടെ ചേർക്കുന്നു:-

1) 2018-19 അയൽക്കൂട്ട വർഷം- മൈക്രോ ഫിനാൻസ് സമ്മിറ്റ്
2) ആയിരം ഇറച്ചിക്കോഴി യൂണിറ്റുകൾ
3) അഞ്ഞൂറു ചകിരി മില്ലുകൾ
4) സൂക്ഷ്മ സംരംഭ പാർക്കുകൾ
5) സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പദ്ധതി
6) നാനോ മാർക്കറ്റുകൾ
7) വിപണനത്തിന് ഓൺലൈൻ പോർട്ടൽ
8) സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് ടെക്നോളജി ഹബ്ബ്
9) കെഎസ്എഫ്ഇ-യുമായി ചേർന്ന് കുടുംബശ്രീ ചിട്ടി
10) ജില്ലാ വനിതാ ലീഗൽ ക്ലിനിക്കുകൾ
11) ജില്ലാ കുടുംബശ്രീ പരിശീലന കേന്ദ്രങ്ങൾ
12) ആഗ്രോ സർവ്വീസ് ടീമുകൾ
13) കിണർ റീ ചാർജ്ജിംഗിനായുള്ള സുജലം പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും
14) ആലപ്പുഴ മാതൃകയിൽ പട്ടിക വർഗ്ഗ സൂക്ഷ്മ പദ്ധതി മറ്റു ജില്ലകളിലേയ്ക്ക്
15) ഇരുന്നൂറ് പുതിയ ബഡ്സ് സ്കൂളുകൾ
16) ആയിരം ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ
17) അരക്ഷിത സമൂഹങ്ങൾക്കുള്ള പ്രത്യേക ഉപജീവന പദ്ധതി- പ്രത്യാശ
18) റിക്കവറി നേരിടുന്ന സംരംഭങ്ങൾക്ക് കടാശ്വാസം
19) കുടുംബശ്രീ അനുഭവങ്ങളെക്കുറിച്ച് 20 ഓർമ്മ പുസ്തകങ്ങൾ
20) 14 മാതൃകാ സ്ത്രീ സൗഹൃദ ഗ്രാമങ്ങൾ

ഇവ കൂടാതെ 2018-19 സാമ്പത്തിക വർഷം ഒട്ടേറെ നവീനമായ പ്രവർത്തനങ്ങളും കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

- 2018-19 സാമ്പത്തിക വർഷം 6,000 സൂക്ഷ്മ സംരംഭങ്ങൾ
- പീഡനത്തിനിരയായവർ, ട്രാൻസ് ജെന്ററുകൾ, തീരദേശനിവാസികൾ, ആദിവാസികൾ തുടങ്ങി അരക്ഷിത സമൂഹങ്ങളിലെ അംഗങ്ങൾക്കായി 'പ്രത്യാശ' എന്ന പേരിൽ പ്രത്യേക ഉപജീവന പദ്ധതി
- എബിസി പദ്ധതി കൂടുതൽ തദ്ദേശ ഭരണ സ്ഥാപന പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കും.
- അഗതിരഹിത കേരളം പദ്ധതിയുടെ ഡിജിറ്റൽ സർവ്വേ പൂർത്തീകരിച്ചു. 2018 മാർച്ച് മാസത്തോടു കൂടി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വിശദമായ പദ്ധതി രേഖ നിലവിൽ വരും.
- നിലവിലുള്ള 64 യൂണിറ്റുകൾക്ക് പുറമെ 46 പുതിയ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.
- നിലവിലുള്ള കാർഷിക പ്രവർത്തനങ്ങൾക്കു പുറമെ 10,000 പാഷൻ ഫ്രൂട്ട് തൈകൾ വിതരണം ചെയ്യുകയും പാഷൻ ഫ്രൂട്ട് ജ്യൂസ് അടക്കമുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുകയും ചെയ്യും.
- 10,000 ഹെക്ടർ സ്ഥലത്ത് ഓർഗാനിക്ക് കൃഷി വ്യാപിപ്പിക്കും.
- 14 ജില്ലകളിലും സ്നേഹിത ഓഫീസ് കേന്ദ്രീകരിച്ച് സ്ത്രീകൾക്ക് നിയമസഹായം നൽകുന്നതിനായി വനിതാ വക്കീലന്മാരെ നിയമിക്കും.
- സമഗ്ര പ്രവാസി സർവ്വേ സംഘടിപ്പിക്കും
- ഒരു കുടുംബത്തിൽ നിന്നും 2 അംഗങ്ങൾക്ക് കുടുംബശ്രീയിൽ അംഗത്വം.

| | | | |
|---|---|---|---|
| (ബി) | കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്ന നാഷണൽ റൂറൽ ലൈവ് ലിഹുഡ് മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; അറിയിക്കാമോ; | (ബി) | ഗ്രാമീണ വികസന മന്ത്രാലയത്തിന് കീഴിൽ ദേശീയ ഉപജീവന മിഷന്റെ പദ്ധതികൾ നടപ്പിലാക്കാനായി 2012-13 ലാണ് സംസ്ഥാന സർക്കാർ കുടുംബശ്രീയെ നിർവഹണ ഏജൻസിയായി നിയമിച്ചത്. 2013-14 ൽ കുടുംബശ്രീ മുഖേന നാഷണൽ റൂറൽ ലൈവ് ലിഹുഡ് മിഷൻ പദ്ധതി നടപ്പിലാക്കുവാൻ തുടങ്ങി. പാവപ്പെട്ട സ്ത്രീകളെ കണ്ടെത്തി അവരുടെ സാമൂഹിക സംഘടനകൾ സ്ഥാപിച്ച് സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ട നടപടികൾ സ്വീകരിക്കുകയാണ് കുടുംബശ്രീ എൻ.ആർ.എൽ.എം പദ്ധതിയിലൂടെ ചെയ്യുന്നത്. പ്രധാനമായും 4 തരം പ്രവർത്തനങ്ങളാണ് എൻ.ആർ.എൽ.എം പദ്ധതിയിൽ നടപ്പിലാക്കുന്നത്.<br><br>**സാമൂഹിക സംഘടനാ സംവിധാനം ശക്തിപ്പെടുത്തൽ:** വിവിധ പരിശീലന പരിപാടികൾ അയൽക്കൂട്ടം /എ.ഡി.എസ്/സിഡിഎസ് ഭാരവാഹികൾക്കും അംഗങ്ങൾക്കുമായി ആവിഷ്കരിച്ച് സംഘടനാ സംവിധാനം ശക്തിപ്പെടുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |

**സാമ്പത്തിക ഉൾപ്പെടുത്തൽ:** വീട്ടുമുറ്റത്തെ ബാങ്ക് എന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ട് കുടുംബശ്രീ അംഗങ്ങളുടെ വിവിധ സാമ്പത്തിക ആവശ്യങ്ങൾക്ക് സാമൂഹ്യസംവിധാനത്തിൽ നിന്നുതന്നെ , പരിഹാരം കണ്ടെത്തുവാൻ സംഘടനയെ ശക്തിപ്പെടുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി അയൽക്കൂട്ടങ്ങൾക്കും എ.ഡി.എസിനും റിവോൾവിംഗ് ഫണ്ട്, വൾനറബിലിറ്റി ഫണ്ട് തുടങ്ങിയ ഫണ്ടുകൾ നൽകുന്നു.

**ഉപജീവന വികസനം:** കാർഷിക കാർഷികേതര മേഖലകളിലെ സംരംഭകർക്ക് പരിശീലനം, സംരംഭങ്ങൾ ആരംഭിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും കുറഞ്ഞ നിരക്കിൽ സാമൂഹിക സംവിധാനത്തിൽ നിന്നുതന്നെ ലഘുവായ്പ എന്നിവ നല്കിവരുന്നു.

**സാമൂഹ്യ ഉൾപ്പെടുത്തൽ:** സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി കുടുംബശ്രീ സാമൂഹിക സംവിധാനത്തിലേക്ക് കൊണ്ടുവരിക എന്നത് ലക്ഷ്യമിടുന്നു. പ്രധാനമായും ദാരിദ്ര്യം ഏറ്റവും അധികം അനുഭവപ്പെടുന്ന സ്ഥലങ്ങൾ കണ്ടെത്തി ബന്ധപ്പെട്ട പഞ്ചായത്തിന്റേയോ ബ്ലോക്കിന്റേയോ വികസനം (ഉദാ:- അട്ടപ്പാടി, ആറളം ഫാം) ഇതിലൂടെ നടപ്പിലാക്കുന്നു. പട്ടിക വർഗ്ഗക്കാർ, അംഗവൈകല്യമുള്ളവർ മുതിർന്നവർ, ഭിന്നലിംഗക്കാർ തുടങ്ങിയവരുടെ ഇടയിലുള്ള പ്രവർത്തനവും എൻ.ആർ.എൽ.എം. ന്റെ ഭാഗമായി ചെയ്തുവരുന്നു.

| | | | |
|---|---|---|---|
| (സി) | കൃഷിയിൽ സ്ത്രീ പ്രാധാന്യം ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച മഹിള കിസാൻ ശാക്തീകരൺ പരിയോജന ലക്ഷ്യം നേടാൻ പര്യാപ്തമാകും വിധം പ്രാവർത്തികമായിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | എം.കെ.എസ്.പി. പദ്ധതിയിലൂടെ നിരവധി സ്ത്രീ കർഷകരെ കേരളത്തിന്റെ കാർഷിക മേഖലയിലേയ്ക്ക് എത്തിക്കുന്നതിന് കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. 2004 മുതൽ കുടുംബശ്രീ കാർഷിക മേഖലയിൽ അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ചു. ആയതിന്റെ ഫലമായി സ്ത്രീ കർഷക തൊഴിലാളികൾ കർഷകരായി മാറി. കൃഷിയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും അതിന്റെ ലാഭത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുവാനും കൂടുതൽ അവസരം ഉണ്ടാക്കുവാനും സാധിച്ചു. 60720 സ്ത്രീ കർഷക ഗ്രൂപ്പുകൾ ഈ സാമ്പത്തിക വർഷം 52130.66 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുകയും 2 ലക്ഷം ടൺ കാർഷികോല്പന്നങ്ങൾ ഉല്പാദിപ്പിക്കുകയും ചെയ്തു. കൂടാതെ കർഷകർക്ക് സാങ്കേതിക പരിശീലനം നൽകുന്നതിനായി 604 സ്ത്രീകൾ ഉൾക്കൊള്ളുന്ന ജീവാ ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. കാർഷിക ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി കൃഷി വകുപ്പുമായി സഹകരിച്ച് 550 ആഴ്ച്ചചന്തകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. 1.88 കോടി രൂപയുടെ വിപണനം ആഴ്ച്ചചന്തകളിലൂടെ കഴിഞ്ഞ 5 മാസംകൊണ്ട് നടന്നിട്ടുണ്ട്.<br><br>2018-19 സാമ്പത്തിക വർഷം 3.5 ലക്ഷം സ്ത്രീകൾക്ക് വരുമാന വർദ്ധനവിന് ഉതകുന്ന വിപുലമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ